(6) പാലക്കാട് ജില്ലയിൽ കുടുംബ കോടതി

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: നമ്മുടെ സംസ്ഥാനത്തെ ഏറ്റവും വലിയ ജില്ലയായ പാലക്കാട് ഒരു കുടുംബ കോടതിയില്ല. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ജില്ലയിൽ സ്ത്രീധന സമ്പ്രദായം ഇന്നും ശക്തമാണ്. സ്ത്രീധനത്തിന്റെ പേരിൽ കുടുംബ പ്രശ്നങ്ങളും, പീഡനങ്ങളും, ആത്മഹത്യയും കൊലപാതകവും വളരെ കൂടുതലാണ്. വൈകികിട്ടുന്ന നീതി നീതിനിഷേധിക്കുന്നതിനു തുല്യമാണ്. കുടുംബപ്രശ്നങ്ങൾക്ക് പെട്ടെന്ന് പരിഹാരം കാണാൻ കുടുംബ കോടതി ജില്ലയിൽ അനുവദിക്കാത്തതുമൂലം കേസുകളൊക്കെ പോലീസ് സ്റ്റേഷനിലേക്കും കോടതിയിലേക്കുമാണ് പോകുന്നത്. ഏകദേശം മൂവായിരത്തോളം കേസുകൾ ജില്ലാ കോടതിയിൽ കെട്ടിക്കിടക്കുകയാണ്. വിവാഹം, വിവാഹമോചനം, ചെലവിനു ലഭിക്കൽ, സ്വത്തവകാശം, കുട്ടിയെ ദത്തെടുക്കൽ തുടങ്ങിയ കുടുംബ പ്രശ്നങ്ങൾ തുടക്കത്തിലേ പരിഹരിക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ ഈ പ്രശ്നങ്ങൾ വളർന്നുവലുതായി ആത്മഹത്യയിലേയ്ക്ക് എത്തുകയില്ലായിരുന്നു. കുടുംബ കോടതികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം പത്തുലക്ഷത്തിലധികം ജനസംഖ്യയുണ്ടാകണമെന്നതാണ്. എല്ലാ സാദ്ധ്യതകളുമുള്ള പാലക്കാട് ജില്ലയിൽ അടിയന്തിരമായി കുടുംബകോടതി അനുവദിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സംസ്ഥാനത്ത് ഇപ്പോൾ 9 കുടുംബ കോടതികൾ സ്ഥാപിച്ചിട്ടുണ്ട്. ഓരോ ജില്ലയിലും കുടുംബകോടതി സ്ഥാപിക്കണമെന്നാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. പുതുതായി കുടുംബകോടതി ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. സർക്കാർ അത് പരിശോധിച്ചു വരുന്നു. ഇപ്പോൾ ആലപ്പുഴ, പാലക്കാട്, ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ കുടുംബ കോടതികളില്ല. അവിടെ ഉടൻ ആരംഭിക്കാനുള്ള ശ്രമം ഗവൺമെന്റ് ഭാഗത്തുനിന്ന് ഉണ്ടാകുന്നതാണ്.

(7) പത്തനംതിട്ട-കൊല്ലം ജില്ലകളിലെ ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കൽ

ശ്രീ. അടൂർ പ്രകാശ്: പമ്പ, അച്ചൻകോവിൽ നദികളിലെ വെള്ളം വിനിയോഗിച്ച് കോന്നി നിയോജക മണ്ഡലത്തിന്റെ കിഴക്കൻ മേഖലകളിൽ ടിൻകല്ലാർ എന്ന ജലവൈദ്യുത പദ്ധതി നടപ്പാക്കാൻ 1975-ൽ സർവ്വേ ആരംഭിച്ചു. 1200 ഏക്കറോളം വനഭൂമിക്ക് നഷ്ടം സംഭവിക്കുമെന്നതിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതി ഉപേക്ഷിക്കേണ്ടിവന്നു. ഈ പ്രദേശത്തെ മൂന്നു ചെറുകിട ജലവൈദ്യുത പദ്ധതികളായ ചെളിക്കല്ലാർ, വക്കലാർ, അച്ചൻകോവിലാർ എന്നിവ സമയബന്ധിതമായി നടപ്പിലാക്കുന്നതിനാവശ്യമായ നിർദ്ദേശം ഗവൺമെന്റ് ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly